# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6640
## 09.11.2016 ലെ മറുപടിയ്ക്ക്
## പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം :
ശ്രീ.ഷാഫി പറമ്പിൽ

ഉത്തരം :
ഡോ.ടി.എം.തോമസ് ഐസക്
(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | 01.04.2013 ന് ശേഷം സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ പ്രവേശിച്ച, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ലഭിക്കുന്ന വിരമിക്കൽ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | 01.04.2013 ശേഷം സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റേയും ക്ഷാമബത്തയുടേയും തുകയുടെ 10%-വും തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് അയാളുടെ പെൻഷൻ അക്കൗണ്ടിൽ സമാഹരിച്ചിരിക്കുന്ന ആകെ തുകയിൽ നിന്നും 60% വരെ അയാൾക്ക് ഒറ്റത്തവണയായി പിൻവലിക്കാവുന്നതും, 40% വരെ അന്വിറ്റി വാങ്ങുന്നതിനായി നിലനിർത്തേണ്ടതുമാണ് ഇതിൽ നിന്നും ലഭ്യമാകുന്ന തുക പെൻഷൻ വിഹിതം/അന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലെ പങ്കാളിത്ത പെൻഷൻ പദ്ധതി. |
| (ബി) | കേന്ദ്ര സർക്കാരിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക്, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ആശ്രിതർക്ക് ലഭിക്കുന്ന പ്രകാരമുള്ള കുടുംബ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കേന്ദ്ര സർക്കാർ 05.05.2009 ൽ നം.38/41/06/പി.&പി.ഡബ്ല്യൂ (എ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തും സമാന ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ